**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചോലവനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങിയ ദുർബലവും സവിശേഷവുമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചോലവനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ തുടങ്ങിയ ദുർബലവും സവിശേഷവുമായ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. അതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>1)ശോഷണം സംഭവിച്ച വനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവാസവ്യവസ്ഥയുടെ സംരക്ഷണവും ലക്ഷ്യമാക്കി സംസ്ഥാനത്തെ വനം ഡിവിഷനുകളിൽ ഉൾപ്പെടെ വരുന്ന പ്രദേശങ്ങളിൽ സ.ഉ(കൈ)നം.29/2021/വനം, തീയതി 17.12.2021 സർക്കാർ ഉത്തരവ് പ്രകാരം പരിസ്ഥിതിയ്ക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഓറിക്കുലിഫോർമിസ്, വിദേശയിനം ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട വട്ട, ഈട്ടി, മരുത്, മലവേപ്പ്, ആഞ്ഞിലി തുടങ്ങിയവയും മറ്റു പ്രാദേശികയിനം ഫലവൃക്ഷ തൈകളും നട്ടുപിടിപ്പിക്കുവാനും അതുവഴി വനങ്ങളുടെ സ്വാഭാവികത പുന:സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>2) പങ്കാളിത്ത വനപരിപാലനം മുഖേന ഗ്രീൻ ഇൻഡ്യാ മിഷൻ പോലുള്ള പദ്ധതികളിലൂടെ പ്രക്ഷീണ വനങ്ങളെ കണ്ടെത്തി പരിപാലിക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 3)വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ, ബ്രഷ്‌വുഡ് തടയണകൾ എന്നിവ നിർമ്മിച്ചും, നിലവിലുള്ളവയെ പരിപോഷിപ്പിച്ചും മണ്ണിലെ ഈർപ്പം നിലനിർത്തി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br><br>4)കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് കണ്ടൽ ശോഷണം നടന്ന പ്രദേശങ്ങളിൽ കണ്ടൽച്ചെടികൾ നടുന്നു. കണ്ണൂർ വനം ഡിവിഷനിൽ 226.588 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ച് സംരക്ഷിച്ച് വരുന്നു. കോഴിക്കോട് വനം ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിൽ 2023-24 വർഷത്തിൽ 1000 കണ്ടൽ തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.<br><br>5)കാവുകൾ പോലെയുള്ള സവിശേഷ ആവാസവ്യവസ്ഥകളുടെ സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉല്പന്നങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാനമെത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉല്പന്നങ്ങളിൽ നിന്നും ലഭിച്ച വരുമാനം ഇപ്രകാരമാണ്.<br><br>1) 2021-22 - 191.58 കോടി രൂപ<br><br>2)2022-23 - 277.81 കോടി രൂപ<br><br>3)2023-24 - 247.92 കോടി രൂപ |
| (സി) | വനമേഖലയിൽ തോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | വനമേഖലയിലെ തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി;<br><br>1)ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി തോട്ടങ്ങൾക്കിടയിലെ കള നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്- ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>2)തോട്ടങ്ങളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി വന സംരക്ഷണ ജീവനക്കാരെ നിയോഗിച്ച് വരുന്നു.<br><br>3)തോട്ടങ്ങളുടെ ഉൽപാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്ന അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4)തേക്ക് തോട്ടങ്ങളിൽ സിൽവിക്കൾച്ചർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാനിൽ അനുശാസിക്കുന്ന പ്രകാരം ആദ്യ 3 വർഷം തീവ്രപരിചരണവും തുടർന്നുള്ള വർഷങ്ങളിൽ തോട്ടത്തിന്റെ സ്ഥിതി അനുസരിച്ച് മെക്കാനിക്കൽ/ |

| | | | |
|---|---|---|---|
| | | | സിൽവികൾച്ചർ ഇടവെട്ടു ജോലികളും നടത്തിവരുന്നു.<br><br>5) ഓരോ തോട്ടത്തിന്റേയും അവസ്ഥ അനുസരിച്ച് പ്രത്യേക പരിപാലനം നടത്തിവരുന്നു.<br><br>6) യഥാസമയം ഇടവെട്ടു നടത്തുന്നതിലൂടെ മരങ്ങൾ തമ്മിലുള്ള അകലം ക്രമീകരിക്കുകയും ആയത് അവയുടെ വളർച്ചയും തോട്ടത്തിന്റെ ഗുണനിലവാരവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനു സഹായകമാവുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ